മുഖവുര

കുട്ടനാട് എന്ന ഇടവും സ്ഥലവും

ഡോ. സ്കറിയാ സക്കറിയ

'തുന്തിരി' പറയാൻ കുട്ടനാട്ടുകാർക്കു പ്രത്യേക സാമർത്ഥ്യമുണ്ട്. അതിന്റെ തെളിവാണ് എടനാടൻപാട്ട്. ഈ പാട്ടുകഥ കുട്ടനാട്ടുകാരന്റെ ആത്മപ്രകാശനമാണ്, എല്ലാ അർത്ഥത്തിലും—ഭാവത്തിലും ഭാഷയിലും. കൊടുപ്പുന്നയിലെ അനുഗൃഹീതഗായകൻ, ചേന്നൻ പാടിക്കൊടുത്തു സജിതയും ജോസഫും ചേർന്നു പകർത്തിയെടുത്ത് അച്ചടിയിലെത്തിക്കുന്ന 4950 വരികളുള്ള എടനാടൻപാട്ടിൽ കുട്ടനാടൻജീവിതം ഒരു ചലച്ചിത്രത്തിലെന്നപോലെ പ്രത്യക്ഷപ്പെടുന്നു. ഇതിൽ കൊയ്ത്തും മെതിയും വരമ്പുകുത്തും കളപറിക്കലുമെല്ലാമുണ്ട്. കുട്ടനാടൻജീവിതത്തിലെ ആറും തോടും ഇടത്തോടും വാച്ചാലും, പുലയനും പറയനും ഈഴവനും നായരും കയ്മളും മാപ്പിളയും ചെവരക്കാരനും വെളുത്തേടനും മണ്ണാനും, കള്ളും മരുന്നും, നെല്ലും കതിരയും, വാഴയും ചേമ്പും, പോത്തും പട്ടിയും, മത്തിയും ചെമ്മീനും, കൊട്ടയും പറയും, കാറും കോളും, നേർച്ചയും തകർച്ചയും, കൊല്ലും കൊലയും, അട്ടഹാസവും നിലവിളിയും, ഉപചാരവാക്കുകളും പച്ചത്തെറിയും, നെറിവും നെറിവുകേടും, ഒരുമയും വൈരവും, മന്ത്രവാദവും പയററും, ജാതിക്കലിയും ജാതിവിരോധവും—ഇങ്ങനെ പലതും കുട്ടനാട്ടുകാരന്റെ ആത്മദർശനത്തിന്റെ ഭാഗമായി ഇവിടെ കലർപ്പിന്റെ കലവറപോലെ അണിനിരത്തിയിരിക്കുന്നു.

ചിറ ചെറിയ ചെറ്റിയ പൊനന്ത
നാങ്കടിയോ പൂങ്കടിയോ തളിരുവള്ളോത്തി
ഇങ്ങനൊള്ള പെണ്ണാളെ...

വള്ളത്തിൽ കയറി കൃഷിപ്പണിക്കു പോകുന്നതിനിടയിൽ എടനാടൻപാട്ടിൽവച്ചു പരിചയപ്പെടാം.

അരിചെറിയ ചെറുകുറുക മൈല ചെമ്പാവും
അഴകേറും ചെമ്പാവും കറുത്ത ചുട്ട്യാര്യൻ
ഇങ്ങനെയുള്ള വിത്തുകളും...

എടനാടൻപാട്ടിലുണ്ട്.

കുട്ടനാട്ടിൽ പുറവരമ്പുകൾ ഉറപ്പിച്ചിരുന്ന വിദ്യയും ഈ പാട്ടുകഥയിൽനിന്നു വായിച്ചറിയാം: ഓണപ്പണിക്കാരനായ ചാത്തപ്പെലേൻ

ഏഴുമടലോലയ്ക്ക് ആഴിപെളർന്നേയവൻ
ആഴിപൊളർന്നേയവനോല ചവിട്ടി
ഓല ചവിട്ടിയവൻ കററും ചവിട്ടി
കൊമ്പും ചവറുമെടുക്കുന്നേയവനേ
ഏഴുപണിയും പണിതു നെരത്തി
കൊമ്പും ചവറും പണിതു നെരത്തി
തല്ലി ചവിട്ടിയവൻ പൊത്തിമിനുക്കി

പുറവരമ്പുറപ്പിച്ചു കഴിഞ്ഞാൽ വെള്ളം വററിക്കണം, അതാണല്ലോ കുട്ടനാടൻകൃഷിയുടെ പ്രത്യേകത.

എഴുവന്തുരുത്തിലേ ചെന്നതിനാനേരം
ആളുവടിയാരും കൂടിയുംകൊണ്ടേ
എഴുവന്തുരുത്തിലേ ചെന്നതിനാനേരം
തോണിയും വല്ലവും വച്ചതുകെട്ടി
തോണിയും വെച്ചേയവരു കെട്ടിയശേഷം
അവരാളുവടിയാരും തേക്കു തുടങ്ങി.
നാലു വശത്തോട്ടും തോണി തേകുന്നതൊണ്ടേ
പിടിയും വലിയുമായി തേകുന്നതൊണ്ടേ
ആളുവടിയാരും തോണി തേകുന്നതൊണ്ടേ
അവരാളുവടിയാരും തോണി തേകുന്നതൊണ്ടേ
തത്തന്നാതെന്നാ തെനതിന്തിന്നാനോ-കത്യക
തെന്തിത്തി തെന്നാ തെന തിന്തിന്നാനോ

പട്ടരും പണാധിപത്യവും

കുട്ടനാട്ടിലെ സമൂഹസ്മൃതിയിൽ പണാധിപത്യത്തിന്റെ ചരിത്രചിഹ്നം പട്ടർമഠമാണ്. പണം കടം കൊടുത്തു മുതലും പലിശയും കണക്കു പറഞ്ഞു തിരികെ വാങ്ങിയിരുന്ന പട്ടർമഠം, മുതലും പലിശയും കടക്കാരൻ തിരിച്ചടയ്ക്കാൻ കഴിയാത്തപ്പോൾ രേഖകളുടെ ബലത്തിൽ കൃഷിയിടം തന്നെ കൈവശമാക്കി പെട്ടെന്നു വളർന്ന പട്ടർമഠം, കുട്ടനാടൻ പിറുപിറുപ്പ് എന്ന മട്ടിൽതന്നെ പാട്ടിൽ കടന്നുവരുന്നു. പട്ടരുടെ സംഭാഷണം തികച്ചും കർക്കശമാണ്. എടനാടനു വേണ്ടതു വള്ളമാണ്. അതു വാങ്ങിയെടുക്കാൻ അയാൾ തറവാടിന്റെ പഴയ കടങ്ങൾകൂടി ഏററുവാങ്ങി തറവാട്ടു സ്വത്തുക്കൾ പണയപ്പെടുത്തി പ്രമാണങ്ങൾ നൽകുന്ന രംഗം അറിവിന്റെ രേഖാശേഖരത്തി(archives of knowledge)ലെ മറെറാരു ഏടായി സ്വീകരിക്കാൻ കുട്ടനാട്ടുകാർക്കു ബുദ്ധിമുട്ടുണ്ടാവില്ല. പോരെങ്കിൽ പട്ടരെ ചെറിയൊരു കോമാളിക്കുപ്പായംകൂടി അണിയിച്ച് അവതരിപ്പിക്കുമ്പോൾ കുട്ടനാടിന്റെ വളർത്തുപുത്രനായ കുഞ്ചന്റെ പാരമ്പര്യത്തിൽ മനസ്സു തുറന്നു ചിരിക്കാനും കുട്ടനാട്ടു കാർക്കു കഴിയും.

പാട്ടുകഥയിലെ 'നാവിഗേറ്റർ' - വള്ളം

കുട്ടനാടിന്റെ ഭൗതികപരിസരം സമൃദ്ധമായി അവതരിപ്പിക്കുന്ന പാട്ടിലെ ഏറ്റവും മിഴിവുറ്റ കഥാപാത്രം വള്ളമാണ്. ടൂറിസ്റ്റ്ദൃഷ്ടിയിൽ കുട്ടനാട് കളിവള്ളങ്ങളുടെ നാടാണ്—ചുണ്ടൻവള്ളങ്ങളുടെ നാട്. പക്ഷേ, കുട്ടനാട്ടുകാരന് അനുദിനജീവിതത്തിൽ കൂടുതൽ വിലപ്പെട്ടതു കൊതുമ്പുവള്ളം മുതൽ കേവുവള്ളം വരെയുള്ള മറ്റു പലതരം വള്ളങ്ങളാണ്. എടനാടൻ പിറന്നുവീഴുന്നതു വളവരവള്ളത്തിലാണ്. കുട്ടനാട്ടുകാരന്റെ കാഴ്ചയിൽ തെളിയുന്ന വള്ളങ്ങളുടെ തരഭേദങ്ങളും ധർമ്മങ്ങളും സൂക്ഷ്മപഠനത്തിനു വിധേയമാക്കാവുന്നതാണ്. വെള്ളക്കെട്ടിലൂടെ തുഴഞ്ഞും ഊന്നിയും കൊണ്ടുനടക്കുന്ന വള്ളങ്ങൾ സാമൂഹിക സാമ്പത്തിക സാംസ്കാരികതലങ്ങളിൽ വഹിക്കുന്ന പങ്ക് കുട്ടനാടൻതനിമയുടെ ഭാഗമാണ്. പട്ടർമഠം വള്ളം പിടിച്ചുവച്ചും വിട്ടുകൊടുത്തും എങ്ങനെ സാമ്പത്തികകേളികളിൽ ഏർപ്പെടുന്നു എന്ന് എടനാടൻപാട്ടു വ്യക്തമാക്കുന്നുണ്ട്. വള്ളവും വള്ളക്കാരും വള്ളപ്പടിയും അതിലെ ഇരിപ്പും എടനാടൻപാട്ടിൽ ഒരു പ്രത്യേക ചിഹ്നതലംതന്നെ നിർമ്മിച്ചിരിക്കുന്നു. പാട്ടം വാങ്ങാൻ കൈമൾ പുറപ്പെടുന്ന രംഗം ശ്രദ്ധിക്കുക:

ഊണും കഴിഞ്ഞാണേ നായമ്മാരവർ
കഴുക്കുത്തുകാരേ നായമ്മാരവരേ
അതുനേരം ചെമ്മേ പറയുന്നതൊണ്ടേ
കേട്ടാലും കേക്കണേ നായമ്മാരേ നിങ്ങ
പാട്ടപ്പറകൊണ്ടു തോണിമെ വച്ചെടാ
മുപ്പറക്കൊട്ടയും തോണിമെ വച്ചേ
വെറ്റിലച്ചെല്ലവും തോണിമ വച്ചോ
വെറ്റിലപാക്കുകൊണ്ടു തോണിമ വച്ചോ
വട്ടച്ചെറുകൊട കൊണ്ടു തോണിമ വച്ചോ
ഇട്ടിരിക്കാൻ തടുക്കതു തോണിമേയിട്ടേ
കഴുക്കുത്തുകാരേയവരു തലയ്ക്കലും കേറി
മുമ്പിലും പൊറകിലും കേറിയവർ
കന്മളു ചെന്നേ തോണിമേക്കേറി
തോണി നടുപ്പടിമേക്കന്മളും കേറി
തോണിയും കുത്തി വലത്തു തിരിച്ചേ
മെല്ലനെ പയ്യനെ തോണിയും കുത്തി
എഴുവന്തുരുത്തിനു പോകാനക്കൊണ്ടേ
മെല്ലനെ പയ്യനെ തോണിയും കുത്തി
എഴുവന്തുരുത്തിലെത്തിയ കയ്മളെ കോയിലും മേനകനും

അവരുടെ ആളടിയാന്മാരും ചേർന്നു കൊലപ്പെടുത്തിയതു സമ്പൂർണ

തകർച്ചയായി അവതരിപ്പിക്കുന്നതു വള്ളത്തിന് എന്തു സംഭവിച്ചു എന്ന വിവരണത്തിലൂടെയാണ്.

നായമ്മാരാണേയവരോടിക്കളഞ്ഞേ
ആളുവടിയാരും കൂടിയുംകൊണ്ടേ
തോണിയുവാണേയവരു വെട്ടിപ്പൊളിച്ചേ
തോണിക്കഴുക്കോലും ചവിട്ടിപ്പൊളിച്ചേ
മുപ്പറക്കൊട്ടയും ചവിട്ടിയും കീറി
പാട്ടപ്പറ വെട്ടിക്കീറിക്കളഞ്ഞേ
വെറ്റിലച്ചെല്ലുവും തല്ലിപ്പൊളിച്ചേ
തോണിക്കഴുക്കോലുങ്കൊണ്ടോടിയും വന്നേ
എഴുവന്തുരുത്തിക്കളത്തിൻറെയാണേ
നാലല്ലോ മൂലയ്ക്കു കഴുക്കോലും നാട്ടി
കന്മളയാണേ അവരു വെട്ടിയും നുറുക്കി
ഓലമ്മക്കൊട്ടേലു പങ്കതു വച്ചേ
തോണിക്കഴുക്കോലെ കെട്ടിയും തൂക്കിയവരേ

കാഴ്ചസംസ്കാരം

ഇത്തരം വിവരണങ്ങളിലെല്ലാം കടന്നുവരുന്ന വള്ളങ്ങൾ കുട്ടനാടൻ ജീവിതത്തിൻറെ താളംപോലെ എടനാടൻപാട്ടിൽ സർവത്ര പ്രത്യക്ഷപ്പെടുന്നു. വള്ളങ്ങളും അവയിൽ അരങ്ങേറുന്ന ജീവിതവും കയറിയിറക്കുന്ന വിഭവങ്ങളും എടനാടൻപാട്ടിൽ കുട്ടനാട്ടുകാരൻറെ അനുഭവമണ്ഡലമായി മാറുന്നു. ഇതിൽ തെളിഞ്ഞുവരുന്ന കർത്തൃത്വം (subjectivity) കുട്ടനാട്ടുകാരുടെ ആത്മദർശനംതന്നെയാണ്. ഇതു കുട്ടനാട്ടുകാരൻറെ കാഴ്ചയാണ്. മറിച്ചു പറഞ്ഞാൽ, ഇതിലെ കാഴ്ചകൾ, ടൂറിസ്റ്റിൻറെ ദൃഷ്ടിയിലൂടെയല്ല കടന്നുവരുന്നത്. അരുന്ധതി റോയിയുടെ *ദി ഗോഡ് ഓഫ് സ്മോൾ തിങ്സും* നാട്ടുതനിമയിൽനിന്നു ജന്മമെടുക്കുന്ന ഇത്തരം നാടോടിരചനകളും കാഴ്ചസംസ്കാരത്തി (visual culture)ൻറെ അടിസ്ഥാനത്തിൽ താരതമ്യപ്പെടുത്തി അനുദിന സംസ്കാരത്തിൽ ആധിപത്യം നേടുന്ന ടൂറിസ്റ്റ്ദൃഷ്ടി (tourist gaze)യും വിമോചനശേഷിയുള്ള ആത്മദർശനവും വേർതിരിച്ചറിയാൻ ശീലിക്കാവുന്നതാണ്. ഇന്നത്തെ ആഗോളക്രമത്തിൽ ഇത്തരം തിരിച്ചറിവുകൾ മേൽക്കോയ്മ (hegemony)കളിൽനിന്നു മോചനം നേടാൻ കൂടിയേ തീരൂ.

വാർത്താവിനിമയരംഗത്തെ മാറ്റങ്ങളും മാധ്യമവിപ്ലവവും ചേർന്ന് ആഗോളവത്കരണത്തിൻറെ മറവിൽ പ്രാദേശികസംസ്കാരങ്ങളെ തട്ടിനിരപ്പാക്കി മേലാളരുടെ സംസ്കാരത്തെ ആഗോളസംസ്കാരമാക്കാൻ കൊണ്ടുപിടിച്ചു ശ്രമിക്കുകയാണ്. ഇതിനെതിരെ പ്രതിരോധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നവർ പ്രാദേശികത്തനിമകൾ തെളിച്ചു കാട്ടി സ്വത്വബോധം വളർത്തി ഏകതാനതയെയും മേൽക്കോയ്മയെയും

ചെറുക്കുന്നു. അത്തരം ചെറുത്തുനില്പിന്റെയും സ്വത്വബോധത്തിന്റെയും ഭാഗമായി വേണം കുട്ടനാട്ടുകാരുടെ എടനാടൻപാട്ടിനെ വിലയിരുത്താൻ.

ചരിത്രാത്മക ഭാവന

കുട്ടനാടിന്റെ മാനവികഭൂമിശാസ്ത്രം (human geography) അതിവേഗം മാറുകയാണ്. കുട്ടനാടൻവെള്ളക്കെട്ടിൽ വികസന പ്രവർത്തനങ്ങളുടെ ഭാഗമായി കൃഷിയിലും ഗതാഗതത്തിലും വന്നിച്ച മാറ്റങ്ങളുണ്ടായിരിക്കുന്നു. സാമ്പത്തികാടിത്തറയിലുണ്ടായ മാറ്റങ്ങൾ ജീവിതശൈലിയിലാകെ പുതുമകൾ വിരിയിക്കയാണ്. വെള്ളപ്പൊക്കങ്ങളുടെ ഭൗതികസമ്മർദത്തിൽ രൂപപ്പെട്ട കുട്ടനാടൻജീവിതശൈലി റോഡുകൾ വർദ്ധിച്ചതോടെ കരപ്രദേശങ്ങളുടെ ഗാഢസമ്പർക്കത്തിൽ അതിവേഗം കേരളീയതയിൽ ലയിക്കുന്നു. കുട്ടനാട്ടിലെ ആറുകളും തോടുകളും റോഡുകളുടെ ഗാഢാലിംഗനത്തിൽ ചലനമറ്റുപോയിരിക്കുന്നു. വള്ളങ്ങളുടെ എണ്ണവും ഉപയോഗവും കുറഞ്ഞു. വള്ളപ്പണിയുടെ കൗശലം നാടുനീങ്ങിപ്പോകുന്നു. ഉൾനാടൻ മീൻപിടുത്തം മീൻവളർത്തൽ കേന്ദ്രങ്ങളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ടു പുതിയ ശൈലി സ്വീകരിച്ചുകഴിഞ്ഞു. വള്ളമൂന്നുകാരും മീൻപിടുത്തക്കാരും പുതിയ തൊഴിലിടങ്ങൾ തേടുന്നു. കുട്ടനാട്ടിലെ ജലപാതകൾ നഗരങ്ങളിലെ വെള്ളം കെട്ടിനിൽക്കുന്ന ഓടകൾപോലെ ചീഞ്ഞു നാറുകയാണ്. അതിൽ ജൈവമാലിന്യങ്ങളോടൊപ്പം ഇറക്കുമതിയായ കീടനാശിനികളും വ്യവസായോത്പന്നങ്ങളുംകൂടി കലർന്നു വിഷത്തിന്റെ തോതു പെരുകുന്നു. ഇത് ആർത്തിസംസ്കാരത്തിന്റെ കടന്നുകയറ്റമാണ്. ആഗോളപ്രതിഭാസംതന്നെ. വളരാനുള്ള അതിമോഹത്തിൽ സംഭവിക്കുന്ന അഴുകൽ. ഇതു മറ്റു പ്രദേശങ്ങളെ എന്നപോലെ കുട്ടനാടിനെയും ഒരു ഉപഭോഗമേഖലയാക്കി മാറ്റുന്നു. ഉത്പാദനം മുൻനിറുത്തി കേരളത്തിന്റെ കലവറ-നെല്ലറ -എന്ന മുദ്രനേടിയിരുന്ന കുട്ടനാട് ഇപ്പോൾ ഉപഭോഗ ശൈലിയിൽ പുനർനിർവചിക്കപ്പെടുന്നു. സ്ഥലം (place) എങ്ങനെ നിർവചിക്കപ്പെടുന്നു എന്നതു കൗതുകകരമായ അന്വേഷണ വിഷയമാണ്. നഗരവൽക്കരണത്തിന്റെ ഫലമായി കൂടുതൽ കൂടുതൽ സ്ഥല ങ്ങൾ ഇപ്പോൾ ഉപഭോഗസ്ഥല(consumer place)ങ്ങളായി മാറിക്കൊണ്ടിരിക്കുന്നു. കുട്ടനാടും ആ പട്ടികയിൽ എഴുതിച്ചേർക്കപ്പെടുകയാണ്.

ഇതിനിടയിൽ പഴമയുടെ വേരുകൾ തിരുശേഷിപ്പുകളായി നിലനിറുത്താൻ എടനാടൻപാട്ടുപോലെയുള്ള നാടോടിസാഹിത്യകൃതികൾ ഉപകരിക്കുന്നു. എടനാടൻപാട്ടിലെ കുട്ടനാട് ചരിത്രാത്മകഭാവന (historical imagination)യുടെ നിർമ്മിതിയാണെന്നു തീർച്ചയാക്കാം. അതിന്റെ എലുകകൾ റവന്യൂ വകുപ്പിന്റെ അതിർത്തികളുമായി ഒത്തി

ണങ്ങിപ്പോകുകയുമില്ല. ഇന്നത്തെ ആലപ്പുഴ, കോട്ടയം, എറണാകുളം, കൊല്ലം ജില്ലകളിലെ പല താലൂക്കുകളും ഉൾപ്പെടുന്ന ഒരു വിശാലമേഖലയാണു പാട്ടുകഥയിലെ കുട്ടനാട്. തോണിയാത്രകളുടെ വിവരണങ്ങളിലൂടെ ആ മേഖലയുടെ വ്യാപ്തി സൂചിപ്പിക്കാൻ പാട്ടുകാരനു കഴിഞ്ഞു. എഴുവന്തുരുത്തിലെ പുറവരമ്പുകളിലൂടെ കടന്നുപോകുന്ന യാത്രക്കാരുടെ പരാമർശത്തിലൂടെ കുട്ടനാട്ടിലെ പോക്കുവരവുകളെക്കുറിച്ചു മറെറാരു സൂചനകൂടി നൽകുന്നു. സവിശേഷവിഭവങ്ങളും സേവനങ്ങളും കൊണ്ടു മുദ്രിതമായ ഒരു ഉപഭോഗമേഖലയായി കുട്ടനാടിനെ അവതരിപ്പിച്ചു തൃപ്തിപ്പെടുന്നില്ല. ഇതിലെ കുട്ടനാടൻ കർത്തൃത്വം അതിനുമപ്പുറം കുട്ടനാട്ടുകാരന് അഭിമാനപൂർവം ഓർമ്മിക്കാൻ പാകത്തിൽ ചിലതെല്ലാം സമൂഹസ്മൃതിയിൽനിന്ന് ഉത്പാദിപ്പിച്ചു പാട്ടിൽ നിരത്തുന്നു. എടനാടന്റെ അളിയൻ മററു ജാതിക്കാരുമായി തൊട്ടുണ്ണാൻ വിസമ്മതിക്കുന്ന രംഗം ശ്രദ്ധിക്കുക:

ഞാണ്ടിയേനേം തൊണ്ടിയേനേം തൊട്ടുണ്ണത്തില്ലേ
ചാക്കാലെടച്ചേരീനേം തൊട്ടുണ്ണത്തില്ലേ
നാങ്കണമുതുവനേം തൊട്ടുണ്ണത്തില്ലേ
വെളുത്തേടൻ നായരേം തൊട്ടുണ്ണത്തില്ലേ
ഞാൻ ചെവരക്കാരൻ ചങ്കരനെ തൊട്ടുണ്ണത്തില്ലേ
ഞാൻ കുമ്പം കൊടവയറൻ മാപ്ല ചങ്ങാതി
മാപ്ല ചങ്ങാതീനേം തൊട്ടുണ്ണത്തില്ലേ
ഈ മൊഴി കെട്ടേയെടനാടവനെ
വെള്ളാട്ടിത്തള്ള ചെറിയടെ മകനേ
ചാവേറിനായിട്ടെറങ്ങിത്തിരിച്ചാലെടാ
പെണ്ണെന്നുമൊണ്ടോയെടാ മണ്ണെന്നുവൊണ്ടോ
തീണ്ടെന്നുവൊണ്ടോ തീണ്ടാക്കൊളവെന്നുണ്ടോ
എന്നും പറഞ്ഞേ എടനാടനവനേ
പായസമെളക്കിയ ചട്ടുകമെടുത്തേ
അളിയന്റെ താടിക്കിട്ടൊരു തട്ടുകൊടുത്തേ
മുമ്പിലേ പല്ലേ രണ്ടു പല്ലു കൊഴിഞ്ഞേ
ചോരയും തുപ്പാതെയളിഞ്ഞങ്ങാതി
അവനോടിയാക്കൂട്ടത്തിക്കേറിയവനെ
അവനൊപ്പവും തിന്നേയവൻ മെച്ചവും തിന്നേ
പോരാഞ്ഞുരുളി വടിച്ചവൻ തിന്നേ

ഇവിടെ ഇന്നത്തെ കുട്ടനാടൻപാട്ടുകാരൻ ആഗ്രഹിക്കുന്ന സാമൂഹികപരിവർത്തനങ്ങളെല്ലാം വാഗ്ജാലംകൊണ്ട് ഒററയടിക്കു നടപ്പാക്കാൻ കഴിയുന്നു!

ഇടത്തെ സ്ഥലമാക്കുന്ന മാന്ത്രികഭാവന

ഇതു മാതൃകാ ഇടങ്ങ(model space)ളെ സ്ഥലങ്ങളോ നാടുകളോ ആക്കി മാറ്റുന്ന സാഹിത്യവിദ്യയാണ്. ഭാവനയിലെ മാതൃക (imagined model)യെ യാഥാർത്ഥ്യമായി അനുഭവിക്കാൻ കുട്ടനാട്ടുകാരന് എടനാടൻ പാട്ട് അവസരമൊരുക്കുന്നു. ഈ കലാതന്ത്രത്തെക്കുറിച്ച് ആധുനിക മാധ്യമ വിജ്ഞാനത്തിൽ വേണ്ടുവോളം ചർച്ചകളുണ്ട്. ടെലിവിഷൻ, സിനിമ തുടങ്ങിയ ബഹുജനമാധ്യമങ്ങളിൽ ഈ വിദ്യ ഏറ്റവും ഫലപ്രദമായി ഇന്ന് ഉപയോഗിക്കുന്നുണ്ട്. വാർത്താവിതരണം, പരസ്യം തുടങ്ങിയവയിൽ ഇതിന്റെ ഇടപെടൽ നിർണായകമാവുന്നു. നമ്മുടെ നഗരഗ്രാമദർശനങ്ങളിൽ എങ്ങനെ യാഥാർത്ഥ്യത്തിന്റെ സ്ഥാനത്തു മാതൃക കടന്നുകൂടുന്നു എന്നു കലാസൃഷ്ടികൾ, വിശിഷ്യ സാഹിത്യകൃതികൾ മുൻനിറുത്തി പഠിക്കാവുന്നതാണ്. എടനാടൻപാട്ടിൽ ഇത്തരം സ്ഥലജലഭ്രമങ്ങൾ വേറെയുമുണ്ട്. ഉദാഹരണത്തിന് കുട്ടനാട്ടിലെ ജന്മികുടിയാൻ ബന്ധത്തിൽ ഒരു പ്രത്യേകതരം ഇണക്കുകണ്ണിയായിരുന്ന ഓണപ്പണിയെക്കുറിച്ചും ഓണപ്പണിക്കാരെക്കുറിച്ചും 'മാതൃകാ' പരാമർശങ്ങൾ കാണാം. കുട്ടനാട്ടിലെ കൃഷിക്കാരും ഓണപ്പണിക്കാരായ കർഷകത്തൊഴിലാളികളും തമ്മിലുണ്ടായിരുന്ന ബന്ധം 'ഫ്യൂഡൽ' സൗഭാഗ്യങ്ങളുടെ സ്മരണ ഉണർത്തുന്നു. അതിലെ ചൂഷണത്തിന്റെ കയ്പ് തീർത്തും ഒഴിവാക്കിയിട്ടുമില്ല. കയ്മളുടെ മകനു ജന്മം നൽകിയ വെള്ളാട്ടിപ്പെണ്ണ് ഏതു ജാതിക്കാരിയെന്നു തെളിഞ്ഞുകിട്ടുന്നില്ലെങ്കിലും സാമ്പത്തികശ്രേണിയിൽ പിന്നോക്കക്കാരിയെന്ന് ഉറപ്പിക്കാം. അത്തരം ബാന്ധവങ്ങളുടെ പരിണാമം പാട്ടിൽ കാണുന്നതനുസരിച്ചാണെങ്കിൽ, സമൂഹശ്രേണിയിൽ മേൽപോട്ടും കീഴ്പോട്ടുമുള്ള ചലനങ്ങൾ തികച്ചും സുഗമമായിരുന്നു. വെള്ളാട്ടിപ്പെണ്ണിനെ വീട്ടിൽ കൊണ്ടുവന്നു കുടിയിരുത്താനും അവളിലുണ്ടായ മകനെ പിൻമുറക്കാരനാക്കാനും കഠിനപ്രയത്നമൊന്നും ആവശ്യമായിരുന്നില്ല എന്നാണു പാട്ടിലെ സൂചന. ആയുധവിദ്യ പഠിക്കാൻ എടനാടൻ പറയക്കുടിലിൽ ചെല്ലുന്ന കഥയുടെ കാര്യവും ഇതുതന്നെ. ഇപ്പോൾ ലഭിച്ചിരിക്കുന്ന പാഠമനുസരിച്ച് പറയക്കുടിലിൽനിന്നു ലഭിച്ച വിദ്യകളാണ് എടനാടനെ വിജയിയാക്കുന്നത്. പറയക്കുടിലിൽ പുരുഷനിൽനിന്നു മാത്രമല്ല അമ്മയിൽനിന്നും മകളിൽനിന്നും എടനാടൻ പലതും പഠിക്കുന്നുണ്ട്. അവിടെനിന്നു സംബന്ധം ചെയ്യാനും എടനാടൻ തയ്യാറാവുന്നു. പുലയക്കുടിലിലും എടനാടൻ ഗുരുവിനെ കണ്ടെത്തി. പുലയർ പാടുമ്പോൾ എടനാടൻപാട്ടിൽ ചില മാറ്റങ്ങൾ സംഭവിക്കാൻ ഇടയുണ്ട്.

സാമൂഹിക മൂലധനം

എടനാടൻപാട്ടിലെ ഖണ്ഡങ്ങൾ വിശദമായി പരിശോധിച്ചാൽ അവയിലെല്ലാംകൂടി അവിച്ഛിന്നമായ ഒരു കർത്തൃത്വം തെളിഞ്ഞുനിൽക്കുന്നതു കാണാൻ നിവൃത്തിയില്ല. ശകലിതങ്ങളായ ആത്മ

ഭാവങ്ങളാണ് പാട്ടിൽ കണ്ടെത്താൻ കഴിയുന്നത്. ഏതു പ്രദേശത്തുമെന്നതുപോലെ കുട്ടനാട്ടിലും അനേകം ഉപസമൂഹങ്ങളും ഉപസംസ്കാരങ്ങളുമുണ്ട്. അവയുടെ ഉണ്മകൾ മൂടിവയ്ക്കുന്നില്ല എന്നതാണ് നാടോടിസാഹിത്യത്തിന്റെ, വിശിഷ്യ എടനാടൻപാട്ടിന്റെ പ്രത്യേകത. ഇതിൽ നിഴലിക്കുന്ന കുട്ടനാടൻജനത ഒരു ബഹുഭാവ സമൂഹമാണ്. അവരുടെ സാമ്പത്തികജീവിതത്തിലും ഭക്ഷണത്തിലും ഭൗതികപരിസരത്തിലും തികഞ്ഞ വൈജാത്യം പ്രകടമാകുന്നുമുണ്ട്. എങ്കിലും പരസ്പരാപേക്ഷയുള്ള ഒരു സമൂഹമായി അവർ കണ്ണിചേർന്നു പ്രവർത്തിക്കുന്നത് എടനാടൻപാട്ടിൽ കാണാം. ഇതിലെ സമൂഹം ഭൗതികവിഭവങ്ങൾക്കു വേണ്ടി കലഹിക്കുന്നുണ്ട്. അതിന്റെ വ്യാപ്തി ഭാതികതലത്തിൽ പരിമിതപ്പെടുന്നില്ല. ജീവിതത്തിന്റെ എല്ലാ മണ്ഡലങ്ങളിലേക്കും ചേരിപ്പോരുകൾ വ്യാപിക്കുന്നു. എന്നിട്ടും അവരെ ഏകോപിപ്പിച്ചു നിർത്തുന്ന ഒരു സാമൂഹികമൂലധനമുണ്ടെന്ന് എടനാടൻപാട്ട് വെളിവാക്കുന്നു. അതാണ് ഈ കൃതിക്ക് ഇന്നുള്ള സാമൂഹികപ്രസക്തി. സാമ്പത്തികതാത്പര്യങ്ങളുടെ അടിസ്ഥാനത്തിൽ ജനാധിപത്യപ്രക്രിയയുടെ ഭാഗമായി രാഷ്ട്രീയ ഉണർവു നേടി കുട്ടനാടൻ ജനത വർഗാടിസ്ഥാനത്തിൽ സംഘടിച്ചു ചേരി തിരിഞ്ഞു നിൽക്കുമ്പോഴും ഈ സാമൂഹികമൂലധനം ഇവരിലേക്കു സംക്രമിച്ചെത്തുന്നുണ്ടോ? സമകാലിക കുട്ടനാടൻ സംസ്കാരം മുൻനിറുത്തി ചർച്ച ചെയ്യേണ്ട വിഷയമാണിത്. സാഹിത്യത്തിന്റെ സൗന്ദര്യമൂല്യങ്ങൾക്കപ്പുറത്ത് ഈ കൃതിയെക്കുറിച്ച് ചർച്ചയാകാം. അതിൽ സാഹിത്യഗവേഷകർക്കൊപ്പം സാമൂഹികശാസ്ത്രജ്ഞരും രാഷ്ട്രീയപ്രവർത്തകരും ആസൂത്രണപ്രവർത്തകരും സാംസ്കാരികപ്രവർത്തകരും പങ്കുചേരുകയും വേണം. സാഹിത്യപഠനം സംസ്കാരപഠനമായും പിന്നെ വികസനപഠനമായും വളർച്ച പ്രാപിക്കുന്നത് ഇങ്ങനെയാണ്. ബഹുജനസംസ്കാരത്തെക്കുറിച്ചുള്ള നവീനപഠനങ്ങൾ ഈ നിലയിലാണ് ഇപ്പോൾ വിലമതിക്കപ്പെടുന്നത്. എടനാടൻപാട്ടിനെക്കുറിച്ചു കൂടുതൽ വിവരങ്ങൾ സജിതയുടെ ആമുഖപഠനത്തിലുണ്ട്. മുഖവുര ഇവിടെ അവസാനിപ്പിക്കാം.

ഇതു താരതമ്യപഠനസംഘത്തിന്റെ രണ്ടാമത്തെ പുസ്തകമാണ്. മറ്റു ചില കുട്ടനാടൻപാട്ടുകഥകൾകൂടി ഉടൻ പ്രസിദ്ധീകരിക്കാൻ ശ്രമിക്കുന്നുണ്ട്. വായനക്കാരുടെയും സാംസ്കാരികപ്രവർത്തകരുടെയും സഹായസഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു.